പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 5457

28-07-2015 ൽ മറുപടിക്ക്

കാർഷിക വായ്പ

ചോദ്യം

ശ്രീ.എ.കെ. ബാലൻ
ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.റ്റി.വി. രാജേഷ്
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്ത് കൃഷിക്കാർക്ക് മതിയായ അളവിൽ വായ്പാലഭ്യത ഉറപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | (എ) | ഉണ്ട്. സംസ്ഥാനത്തൊട്ടാകെ കൃഷി ഭവനുകളിലൂടെ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്ക് അഗ്രികാർഡ് നൽകുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. കൂടാതെ വാണിജ്യ സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്തുവരുന്ന കിസാൻ ക്രെഡിറ്റ് കാർഡുകൾ, ഹ്രസ്വകാല കാർഷിക വായ്പകൾ, അഗ്രി ഗോൾഡ് ലോൺ തുടങ്ങിയ വായ്പാ പദ്ധതികൾ വഴി വാണിജ്യ ബാങ്കുകൾ കൃഷിയ്ക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ കർഷകർക്ക് നൽകി വരുന്നു.<br>പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 7% പലിശക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം നടത്തിവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 5% പലിശ ഇളവിനോടൊപ്പം നബാർഡ് മുഖേന നൽകുന്ന പരമാവധി 3% പലിശ ഇളവ് ഉൾപ്പെടുത്തി പലിശ രഹിത വായ്പയായി നൽകിവരുന്നു. കൂടാതെ നെൽക്കൃഷിക്ക് വായ്പകൾ പലിശരഹിതമായാണ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ